ഉത്തരം

(എ) സഹകരണ ചട്ടം 190 (8) പ്രകാരം സർക്കാർ ജീവനക്കാർക്ക് അർഹമായ എല്ലാവിധ അവധികളും സഹകരണസംഘം ജീവനക്കാർക്കും ബാധകമാണ്.

(ബി) 20 (ഇരുപത്) ദിവസത്തെ കാഷ്വൽ ലീവാണ് അനുവദിക്കുന്നത്.

(സി) ചില പ്രത്യേക സാഹചര്യങ്ങളിൽ ചില പ്രത്യേക സംഘങ്ങൾക്ക് നിയമാനുസൃതമായ കാഷ്വൽ ലീവിന്റെ എണ്ണത്തിൽ കുറവു വരുത്തുന്നതിന് ഭരണസമിതി തീരുമാനം എടുത്ത് അനുവാദത്തിനായി സഹകരണസംഘം രജിസ്ട്രാറോട് അപേക്ഷിക്കുകയാണെങ്കിൽ അദ്ദേഹത്തിന് ബോദ്ധ്യപ്പെടുന്നപക്ഷം കാഷ്വൽ ലീവിന്റെ എണ്ണത്തിൽ കുറവു വരുത്തി അനുവാദം നൽകാവുന്നതാണ്.

(ഡി) അതെ.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ആവശ്യമില്ല.

(ജി) എംപ്ലോയീസ് സഹകരണസംഘങ്ങൾ സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നവയാണ്. ഭരണസമിതി തീരുമാനം എടുത്ത് കാഷ്വൽ ലീവുകളുടെ എണ്ണം കുറയ്ക്കുന്നതിന് സഹകരണസംഘം രജിസ്ട്രാറുടെ അംഗീകാരത്തിന് അപേക്ഷിക്കുകയാണെങ്കിൽ സംഘത്തിന്റെ ഉത്തമ താൽപ്പര്യത്തിന് കാഷ്വൽ ലീവുകളുടെ എണ്ണം കുറയ്ക്കുന്നത് ആവശ്യമാണെന്ന് ബോദ്ധ്യപ്പെടുന്ന സാഹചര്യത്തിൽ സഹകരണ സംഘം രജിസ്ട്രാർക്ക് കാഷ്വൽ ലീവിന്റെ എണ്ണത്തിൽ കുറവു വരുത്താവുന്നതാണ്.

(എച്ച്) കുറച്ചിട്ടുണ്ട്. 10 ദിവസത്തെ കാഷ്വൽ ലീവാണ് കുറച്ചിട്ടുള്ളത്.

(ഐ) സ്പേയ്സ് സെന്റർ എംപ്ലോയീസ് സഹകരണസംഘത്തിലെ ജീവനക്കാരുടെ ആകസ്മിക അവധികളുടെ എണ്ണം 20-ൽ നിന്ന് 10 ആയി കുറയ്ക്കുന്നതിനായി 27-9-2001 -ലെ 9-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ പരിശോധനാ വിധേയമാക്കിയപ്പോൾ, ഈ സംഘം ജീവനക്കാർക്ക് 20 ആകസ്മിക അവധിയോടൊപ്പം എല്ലാ ശനിയാഴ്ചകളും ഞായറാഴ്ചകളും ഐ. എസ്. ആർ. ഒ.-ക്ക് നൽകുന്ന എല്ലാ കേന്ദ്ര അവധികളും ഒഴിവുദിനങ്ങളായി കണ്ടതിനാൽ കേന്ദ്ര ജീവനക്കാർക്ക് അനുവദനീയമായ 10 ദിവസത്തെ കാഷ്വൽ ലീവ് ടി സംഘം ജീവനക്കാർക്കും ബാധകമാക്കണമെന്ന് ബോദ്ധ്യപ്പെട്ടതിനാൽ ടി ജീവനക്കാരുടെ കാഷ്വൽ ലീവ് 20-ൽ നിന്നും 10 ആയി കുറച്ചിട്ടുണ്ട്.

(ജെ) പുനഃസ്ഥാപിക്കുവാനാകുമോ എന്നുള്ളത് സഹകരണസംഘം രജിസ്ട്രാർ പരിശോധിച്ചു വരുന്നു.

സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പള വ്യവസ്ഥ

B5 [2737] ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘം രജിസ്ട്രാറുടെ കീഴിലുള്ള കേരളത്തിലെ പ്രാഥമിക സഹകരണസംഘങ്ങളിലും എംപ്ലോയീസ് സഹകരണസംഘങ്ങളിലും ജീവനക്കാർക്ക് ശമ്പളം നിശ്ചയിച്ച് നൽകുന്നത് ഏത് വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വിഭാഗം സഹകരണസംഘങ്ങളിൽപ്പെടുന്ന ഒരു സംഘത്തിൽ തന്നെ ഏതാനും ജീവനക്കാരുടെ ശമ്പളത്തിൽ കുറവോ കൂടുതലോ വരുത്തുന്നതിന് സംഘം ഭരണ സമിതിക്കോ പൊതുയോഗത്തിനോ അധികാരമുണ്ടോ;

(സി) ഇല്ലാത്തപക്ഷം ഇപ്രകാരം ചെയ്യുന്നത് നിയമാനുസൃതമാണോ;

(ഡി) ആണെങ്കിൽ ഇതു സംബന്ധിച്ച നിയമ വ്യവസ്ഥ എന്തെന്ന് പറയുമോ;

(ഇ) സഹകരണസംഘങ്ങളിലെ ജീവനക്കാർക്ക് അധികമായി വേതനം നൽകിയാൽ അത് തിരിച്ച് പിടിക്കേണ്ടതും കുറഞ്ഞവേതനം നൽകിയാൽ അർഹതപ്പെട്ട ശമ്പളം നൽകേണ്ടതും സംബന്ധിച്ച് നടപടി എടുക്കേണ്ടത് ആരാണ്;

(എഫ്) തിരുവനന്തപുരം സ്പേയ്സ് സെന്റർ എംപ്ലോയീസ് സഹകരണസംഘത്തിലെ എത്ര പേർക്ക് നിയമാനുസൃതം അർഹമായതിൽ കുറഞ്ഞ ശമ്പളം നൽകുന്നുണ്ട്; ആർക്കെല്ലാം;

(ജി) ഇവർക്ക് നിയമം അനുശാസിക്കുന്ന രീതിയിലുള്ള ശമ്പളം പൂർവ്വകാല പ്രാബല്യത്തോടുകൂടി നൽകുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ശമ്പള പരിഷ്കരണ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് ഈ സംഘങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നിശ്ചയിച്ച് നൽകുന്നത്.

(ബി) അധികാരമില്ല.

(സി) അല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) സംഘം ഭരണസമിതി.

(എഫ്) രണ്ടുപേർക്ക്. സ്പെഷ്യൽ ഗ്രേഡ് അറ്റൻഡർമാരായ ശ്രീ. പി. ശിവാനന്ദൻ, ശ്രീ. ഏണസ്റ്റ് ഗോമസ് എന്നിവർക്ക്.

(ജി) ഇവർക്ക് 99-ലെ ശമ്പള പരിഷ്കരണ സമയത്തെ ശമ്പള നിർണ്ണയം സംബന്ധിച്ച് 35/2000, 36/2000 എന്നീ ആർബിട്രേഷൻ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. ടി ആർബിട്രേഷൻ കേസുകൾ തീർപ്പാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

സഹകരണ വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ

86 [2738] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ സ്ഥിരമായോ താൽക്കാലികമായോ നിയമനം നടത്തുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ അനുവദിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly